63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 956 Participant Code: 335

# ചില്ലിട്ടുവെച്ചൊരാ പൂന്തോട്ടം

ആരോരുമില്ലാത്തൊരാനനം തന്നിലാ-
യിന്നിതാ തേങ്ങലുയരുന്നുവെന്നും,
ചെറുവിരലും കുഞ്ഞുകൈകളിൽ തന്നിലായ്-
ഭൂതകിടാവിന്റെ പുതുസ്പന്ദനം.

അമ്മതന്നമ്മിഞ്ഞ തന്നിലലിയുന്ന
സ്നേഹം ലാളനമെങ്ങുപോയി?
ചില്ലിട്ടു ചുവരിലായ് വെച്ചു പൂന്തോട്ടത്തെ-
യിന്നിതു കാൺകയോ വിസ്മയമായ്.

ഇന്നു ഞാൻ പിന്നിടും പാതയിലെല്ലാമേ-
കുഞ്ഞിക്കിടാങ്ങളിന്നെങ്ങുപോയി?
മുറ്റത്തു പൂത്തിടും ചെമ്പുമലർ തന്നെ
നോക്കിയിരുന്നൊരാ കാലമത്രെ!

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ചായവും ചേറും നിറഞ്ഞൊരാ കൈകളിൽ
വാട്സാപ്പും ഫേസ്ബുക്കുമാകയാൽ,
എങ്ങനെത്തന്നിലെ കൊച്ചുപൂന്തോട്ടത്തെയും-
മനാഗ്നിയിലാഴ്ത്തിക്കരിച്ചെറിഞ്ഞു ?

പാടത്തുനിന്നും മുല്ലക്കോലെടുത്തു-
പത്തുണ്ണികളേതന്നെ നട്ടനേരം,
ഇന്നിതാ, ആ മുറിക്കോണിന്റെ വക്കിലായ്,
മിണ്ടാത്ത മൊഴിയാത്ത ബാല്യകാലം.

ചെളിയും മണ്ണതും ചാരനിറത്തിലും
നിറഭേദമില്ലാത്ത ആമ്പിള്ളേരായ്,
ബാലനാം മാനസം കുത്തിനിറഞ്ഞിതാ-
വാനേരം തന്നിലേ വർണ്ണമേഘം.

തുമ്പികളെന്നതോ പാടിയിരിപ്പൂ തൻ
നേർത്തകരങ്ങളിൽ കനിവിനാലേ,
കനിവാർന്ന നിനവിനാൽ ചാലിച്ച മാമ്പൂതൻ
കയ്ക്കളിലിരുന്നോൻ തേങ്ങുകയായ്.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 956 Participant Code: 335

എന്നിതുപറ്റിയെൻ കുഞ്ഞിക്കിടാങ്ങൾക്കി~~ങ്ങ~~-
ത്തങ്ങനെപറ്റിയെൻ ലോലമാം തന്ത്രി~~ക~~ളിനും,
സ്നേഹമാമമ്മയെ കൂപ്പുന്നു കൈകളാൽ
മുറ്റങ്ങളൊക്കെയും നിറച്ചിടും.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)